"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് ഭവന പദ്ധതി-2020- 2017 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ- മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Ms) No.64/2022/LSGD തീയതി,തിരുവനന്തപുരം, 21-03-2022

---

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ, തീയതി 27.07.2020.
2. സ.ഉ (സാധാ) നം. 358/2021/ത.സ്വ.ഭ.വ, തീയതി 09/02/2021.
3. സ.ഉ (സാധാ) നം. 2086/2021/ത.സ്വ.ഭ.വ, തീയതി 25/10/2021.
4. സ.ഉ.(സാധാ) നം. 43/2022/ത.സ്വ.ഭ.വ, തീയതി 07/01/2022.
5. സ.ഉ.(കൈ) നം. 38/2022/ത.സ്വ.ഭ.വ, തീയതി 25/02/2022.
6. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/03/2022 തീയതിയിലെ ലൈഫ് 2020 നമ്പർ കത്ത്.

## ഉത്തരവ്

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ ഫീൽഡ്തല പരിശോധന നടത്തി അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും പരാമർശം 2,3,5 സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകളുടെ ഫീൽഡ്തല പരിശോധനയിൽ അർഹരായി കണ്ടെത്തിയ എല്ലാ അപേക്ഷകളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പുന:പരിശോധന നടത്തി കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022 മാർച്ച് 15-നകം പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള പുന:പരിശോധനയ്ക്കും ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (6) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി ആയതിൻ പ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് അനുബന്ധമായി ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REJI RAJENDRAN
DEPUTY SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 21-03-2022 17:19:17**
സെക്ഷൻ ഓഫീസർ

## അനുബന്ധം

## അർഹതാ പരിശോധന മാർഗ്ഗ നിർദ്ദേശങ്ങൾ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഫീൽഡ്തല പരിശോധന പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ കളക്ടറുടെ ലോഗിനിൽ പുന:പരിശോധനയ്ക്കായി ലൈഫ് മിഷൻ ലഭ്യമാക്കുന്നതാണ്. ഇപ്രകാരം ലഭ്യമാകുന്ന പട്ടിക 27.07.2020 തീയതിയിലെ സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ, പരാമർശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും വാർഡ് തിരിച്ച് പുന:പരിശോധന നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ ലഭ്യമാക്കേണ്ടതാണ്. ടി അപേക്ഷകളുടെ പ്രാഥമിക ഫീൽഡ്തല പരിശോധന നടത്തിയ ജീവനക്കാർ ഒഴികെ പുന:പരിശോധനയ്ക്ക് ആവശ്യമെന്ന് തോന്നുന്ന ഏത് വകുപ്പിലേയും ജൂനിയർ സൂപ്രണ്ട് വരെയുള്ള ജീവനക്കാരെ പുന:പരിശോധനയ്ക്കായി ജില്ലാ കളക്ടർക്ക് നിയോഗിക്കാവുന്നതും ഇപ്രകാരമുള്ള പുന:പരിശോധന 2022 ഏപ്രിൽ 18-നകം പൂർത്തിയാക്കി ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ഏപ്രിൽ 19-ന് സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന എല്ലാ അർഹരുടേയും അനർഹരുടേയും കരട് ഗുണഭോക്തൃ പട്ടിക വാർഡ് തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

### പുതുക്കിയ പ്രവർത്തന കലണ്ടർ

| നം. | പ്രവർത്തനങ്ങൾ | അവസാന തീയതി |
|---|---|---|
| 1 | അപേക്ഷകളുടെ പുന:പരിശോധന പൂർത്തീകരിക്കൽ | 2022 ഏപ്രിൽ 18-നകം |
| 2 | കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ഏപ്രിൽ 19 |
| 3 | ഒന്നാം ഘട്ട അപ്പീൽ (ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും നഗരസഭകളിൽ നഗരസഭാസെക്രട്ടറിക്കും സമർപ്പിക്കൽ) | 2022 ഏപ്രിൽ 26-നകം |
| 4 | ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 മേയ് 3-നകം |
| 5 | രണ്ടാം ഘട്ട അപ്പീൽ (ജില്ല കളക്ടർക്ക് സമർപ്പിക്കൽ) | 2022 മേയ് 10-നകം |
| 6 | രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 മേയ് 17-നകം |
| 7 | അപ്പീലിന് ശേഷമുള്ള കരട് പട്ടിക<br><br>പ്രസിദ്ധീകരിക്കൽ | 2022 മേയ് 18 |
| 8 | ഗ്രാമസഭാ അംഗീകാരം | 2022 മേയ് 28-നകം |
| 9 | ഭരണസമിതി അംഗീകാരം | 2022 മേയ് 30 |
| 10 | ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ<br><br>(വെബ് സൈറ്റിൽ ഉൾപ്പെടെ) | 2022 മേയ് 31 |

അർഹതാ പരിശോധനയുടെ പ്രവർത്തന സഹായി www.life2020.kerala.gov.in എന്ന വെബ്

സൈറ്റിൽ ലഭ്യമാണ്.